# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 നവംബർ 8, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

തമിഴ്നാടിന് മരം മുറിക്കാൻ അനുമതി

മി. സ്പീക്കർ: പുതിയ ഡാം പണിയാതെ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 152 അടിയാക്കുന്നതിന് ബേബി ഡാം അടക്കമുള്ളവ ബലപ്പെടുത്തണമെന്ന തമിഴ്നാടിന്റെ ആവശ്യത്തിന് വഴങ്ങി ഡാം

പ്രദേശത്തെ മരങ്ങൾ മുറിക്കാൻ തമിഴ്നാടിന് അനുമതി നൽകിയതുമൂലം കേരളത്തിലെ ജനങ്ങൾക്ക് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): മുല്ലപ്പെരിയാറിന് സമീപത്തെ ബേബി ഡാം പരിസരത്തുള്ള 23 മരങ്ങൾ മുറിക്കാനുള്ള തമിഴ്നാട് ആവശ്യത്തിന്മേൽ 15 മരങ്ങൾ മുറിക്കാൻ അനുമതി നൽകിക്കൊണ്ട് 05.11.2021-ന് വനം വകുപ്പ് ചീഫ് വൈൽഡ്ലൈഫ് വാർഡൻ പുറപ്പെടുവിച്ച ഉത്തരവ് 07.11.2021-ന് മരവിപ്പിച്ചിട്ടുണ്ട്. മരം മുറിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും നാഷണൽ വൈൽഡ് ലൈഫ് ബോർഡ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അനുവാദവും 1980-ലെ വനം സംരക്ഷണ നിയമപ്രകാരമുള്ള അനുമതിയും ഹാജരാക്കിയിട്ടില്ലാത്തതിനാൽ തമിഴ്നാടിന്റെ ആവശ്യം പരിഗണിക്കാനാവില്ല എന്ന സത്യവാങ്മൂലം നൽകിയിട്ടുണ്ട്. 19.02.2021-ന് ചേർന്ന മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ യോഗത്തിൽ തമിഴ്നാട്ടിലെയും

കേരളത്തിലെയും വനം-വന്യജീവി വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ സംശയങ്ങൾക്ക് വ്യക്തത വരുത്തണമെന്ന നിർദ്ദേശവും ഇതുവരെ പ്രാവർത്തികമായിട്ടില്ല. നവംബർ 5-ലെ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വിശദമായും സമയബന്ധിതമായും പരിശോധിക്കുന്നതാണ്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയിൽ കോട്ടം വരുത്തുന്നതും കേരളത്തിന്റെ സുരക്ഷയ്ക്ക് ഭംഗം വരുത്തുന്നതുമായ ഒരു നിലപാടും സർക്കാർ സ്വീകരിക്കുകയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 01.11.2021-ന് ഇറിഗേഷൻ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ യോഗം ചേരുകയും ബേബി ഡാം പരിസരത്തെ 15 മരങ്ങൾ മുറിക്കുന്നതിന് 05.11.2021-ന് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ ഉത്തരവിറക്കുകയും ചെയ്തത് സുപ്രീം കോടതിയിലെ നിലവിലുള്ള കേസിൽ സംസ്ഥാന താല്പര്യങ്ങൾക്കെതിരാണ്. വൈൽഡ് ലൈഫ് ബോർഡ് ചെയർമാനും വൈസ് ചെയർമാനുമറിയാതെ മരംമുറിക്കാൻ ഉത്തരവിറക്കിയതിലൂടെ ബേബി ഡാം ശക്തിപ്പെടുത്തി മുല്ലപ്പെരിയാറിലെ ജലനിരപ്പ് 152 അടിയാക്കാൻ തമിഴ്നാടിനെ അനുവദിക്കുകയെന്ന ഗൂഢോദ്ദേശ്യമാണ് നടത്തിയിരിക്കുന്നത്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് ലംഘിക്കുകയും സുപ്രീംകോടതിയിൽ നിലവിലുള്ള

കേസുകൾക്ക് വിരുദ്ധമായും റൂൾ കർവ് സംബന്ധിച്ച സത്യവാങ്മൂലം നവംബർ 11-ന് സമർപ്പിക്കുന്നതിന് തെറ്റിദ്ധാരണാജനകമായ സാഹചര്യം സൃഷ്ടിക്കുകയും ജലസമ്പത്തും വനസമ്പത്തും സംരക്ഷിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടാവുകയും ചെയ്തിട്ടുണ്ടെന്നത് വസ്തുതയാണ്. ടി വിഷയം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനും നാഷണൽ വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതിയില്ലാതെ ടൈഗർ റിസർവിൽ മരങ്ങൾ മുറിക്കാൻ നൽകിയ അനുമതി റദ്ദ് ചെയ്യുന്നതിനും ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാനത്തിനെതിരായി 2006-ലും 2014-ലും സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഡാമിന് അപകടം സംഭവിച്ചാലുണ്ടാകുന്ന ദുരന്ത സാദ്ധ്യതകൾ സുപ്രീംകോടതിയെ അറിയിച്ചെങ്കിലും കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 152 അടി ആയി ഉയർത്തുന്നതിനുവേണ്ടി ഗൂഢാലോചന നടത്തുകയോ സംസ്ഥാന താല്പര്യത്തിനെതിരായി

പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. വൈൽഡ് ലൈഫ് ബോർഡിന്റെ അംഗീകാരമില്ലാതെ ബേബി ഡാം പ്രദേശത്തുള്ള മരം മുറിക്കുന്നതിന് ഉത്തരവിറക്കിയവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമെന്നും മുല്ലപ്പെരിയാർ ഡാം സംരക്ഷണത്തിൽ സർക്കാർ വിട്ടുവീഴ്ച ചെയ്യില്ലെന്നും ഉറപ്പുനൽകുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) ജലസ്രോതസ്സുകൾ സംരക്ഷിക്കൽ

ശ്രീ. കെ. പി. മോഹനൻ: സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിലൂടെ ജലലഭ്യത ഉറപ്പുവരുത്തി മൂന്നുവിള കൃഷിരീതി പ്രാവർത്തികമാക്കാൻ കഴിയുംവിധം തോടുകളും കനാലുകളും

സംരക്ഷിക്കണം. കുളങ്ങൾ സംരക്ഷിച്ച് ഭൂഗർഭ ജലസമ്പത്ത് ഉറപ്പുവരുത്തണം. ജലസംരക്ഷണം ഉറപ്പാക്കുന്നതിന് ജലമലിനീകരണം തടയുന്നതിനും ജലസ്രോതസ്സുകളിൽ കൂടുതൽ തടയണകളും ഭിത്തികളും നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. 2025-ഓടെ രൂക്ഷമായ ജലദൗർലഭ്യത്തിലേയ്ക്ക് നീങ്ങുമെന്ന വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് തുടർനടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ഭൂവിനിയോഗത്തിലും ജീവിതശൈലിയിലുമുണ്ടായ മാറ്റങ്ങളെത്തുടർന്ന് മലിനമാകുന്ന ജലസ്രോതസ്സുകൾ സംരക്ഷിച്ച് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് വിവിധ വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഏകോപനം ആവശ്യമാണ്. തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് വേനൽക്കാലത്തും നീരൊഴുക്ക് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജലവിഭവ വകുപ്പ് നടപ്പിലാക്കിവരുന്നു. പ്രാഥമിക വിവരശേഖരണത്തിലൂടെ നദികളിലെ നിലവിലെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 'ജലസമൃദ്ധി' പദ്ധതിയുടെ ഭാഗമായി സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കി

ജലസ്രോതസ്സുകളുടെ സംരക്ഷണവും നദികളിലേയ്ക്ക് ഒഴുകിയെത്തുന്ന കൈവഴികളിൽ ചെറുതടയണകളും വെന്റ് ക്രോസ്സ് ബാറുകളും നിർമ്മിച്ച് നീരൊഴുക്ക് സാദ്ധ്യമാക്കുന്നുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസ്രോതസ്സുകളിൽ കൂടുതൽ തടയണകളും ഭിത്തികളും നിർമ്മിക്കുന്നതാണ്. നദികളിലേയ്ക്കുള്ള മാലിന്യനിക്ഷേപം തടയുന്നതിന് പാലങ്ങളിലെ കൈവരികളോട് ചേർന്ന് കമ്പിവേലി സ്ഥാപിച്ചുവരുന്നു. ഡാമുകൾ, തടയണകൾ, റെഗുലേറ്ററുകൾ എന്നിവയ്ക്കുസമീപം അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കംചെയ്ത് സംഭരണശേഷി പുന:സ്ഥാപിക്കുന്നതിനുള്ള നടപടികളാരംഭിക്കുകയും ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(2) റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കൽ

ശ്രീ. മോൻസ് ജോസഫ്: ശബരിമല തീർത്ഥാടനം ആരംഭിക്കുന്നതിന് മുന്നോടിയായി റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കണം. തകർന്നുകിടക്കുന്ന സംസ്ഥാന പാതകളും ജില്ലാതല റോഡുകളും നവീകരിക്കുന്നതിന് പൊതുമരാമത്ത് റോഡ് വിഭാഗത്തിനും മെയിന്റനൻസ് വിഭാഗത്തിനും ഫണ്ട് ലഭ്യമാക്കണം. നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലവർദ്ധനവ്

പരിഹരിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ റോഡ് നിർമ്മാണ രീതിയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ടി.പി.-യുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റോഡുകളുടെ മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികൾ ഭൂരിഭാഗവും നിശ്ചയിച്ച സമയത്തിനകം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണി ആവശ്യമുള്ള റോഡുകൾ കണ്ടെത്തുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും പ്രവൃത്തി നടത്തുന്നതിനും കാലതാമസം ഉണ്ടായിട്ടില്ല. എം.എൽ.എ.-മാർ നിർദ്ദേശിച്ച റോഡുകൾ നബാർഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർച്ചയായുണ്ടാകുന്ന അതിവർഷംമൂലം റോഡുകൾക്ക് തകരാറുണ്ടാകുന്നത് അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കാലാനുസൃതമായ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കൂടുതൽ റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും പുതുതായി പതിനയ്യായിരം കിലോമീറ്റർ ബി.എം.&ബി.സി. റോഡ് നവീകരണം നടത്താനുമാണ് ഉദ്ദേശിക്കുന്നത്. ഡിഫക്ട് ലയബിലിറ്റി പിരീഡ് കഴിഞ്ഞതും അല്ലാത്തതുമായ

റോഡുകൾക്കും അറ്റകുറ്റപ്പണി നടത്തുന്നതാണ്. കാലവർഷ സമയത്ത് പ്രവൃത്തി തുടങ്ങുന്നത് ഒഴിവാക്കാൻ വർക്കിംഗ് കലണ്ടർ സംവിധാനം ഏർപ്പെടുത്തുന്നതാണ്. കരാറുകാർ ടെർമിനേറ്റ് ചെയ്യുന്ന സാഹചര്യമുണ്ടായാൽ റീ-ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പുതിയ നിർമ്മാണരീതികൾ വ്യാപിപ്പിക്കുന്നതുമാണ്. ശബരിമല റോഡുകൾ ഉത്സവ കാലത്തിനുമുമ്പ് സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ശബരിമല പാക്കേജിലുൾപ്പെടുത്തി അനുമതി നൽകിയിട്ടുള്ള 50 പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുകയും സീസൺ മുൻകൂട്ടിക്കണ്ട് ക്രമീകരിക്കുകയും ചെയ്യുന്നതാണ്.

## III. സബ്മിഷൻ

### (1) ഗവേഷണം പൂർത്തീകരിക്കാൻ അവസരം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): എം. ജി. സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥിനിയോടുള്ള വിവേചനം അവസാനിപ്പിച്ച് ഗവേഷണം പൂർത്തീകരിക്കാൻ അവസരമൊരുക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം

വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): എം.ജി. സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥിനി ശ്രീമതി ദീപ വി. മോഹനൻ 2014-ൽ ഗവേഷണപഠനം ആരംഭിച്ചെങ്കിലും 5 വർഷംകൊണ്ട് പൂർത്തീകരിക്കാൻ സാധിച്ചില്ല. ഗവേഷണവുമായി ബന്ധപ്പെട്ട നിബന്ധനകൾ ലംഘിച്ചാൽ യുക്തമായ നടപടി സർവ്വകലാശാലയ്ക്ക് സ്വീകരിക്കാമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗവേഷണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥിനിയുടെ ആവശ്യപ്രകാരം ഗവേഷണകേന്ദ്രം മേധാവിയെ തൽസ്ഥാനത്തുനിന്നും മാറ്റി വൈസ് ചാൻസലർ ആ സ്ഥാനം ഏറ്റെടുക്കുകയും യാതൊരു തടസ്സവുമില്ലാതെ ഗവേഷണം പൂർത്തിയാക്കുന്നതിന് അവസരമൊരുക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥിനിയുടെ ഗവേഷണം തടസ്സപ്പെടുത്തുന്നതിന് ബോധപൂർവ്വമായ ഇടപെടലോ വിവേചനമോ പീഡനമോ നടന്നിട്ടുണ്ടെങ്കിൽ കുറ്റവാളികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും.

(2) പട്ടികജാതി-പട്ടികവർഗ്ഗ തൊഴിലാളികളുടെ വേതന വിതരണം

ശ്രീമതി സി. കെ. ആശ: തൊഴിലുറപ്പ് പദ്ധതിയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം തൊഴിലാളികളുടെ വേതന വിതരണത്തിലെ വിവേചനം അവസാനിപ്പിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിക്കൊണ്ടിരുന്ന വേതനം പട്ടികജാതി/പട്ടികവർഗ്ഗം/ജനറൽ വിഭാഗം എന്നിങ്ങനെ ഹെഡ് ഓഫ് അക്കൗണ്ട് തിരിച്ച് പ്രത്യേകം അക്കൗണ്ടുകൾ മുഖേന നൽകണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം നടപ്പാക്കിയതിനെത്തുടർന്ന് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള ഫണ്ട് ലഭിക്കുന്നതിൽ കാലതാമസം നേരിടുകയാണ്. മൂന്ന് അക്കൗണ്ടുകളായി രൂപാന്തരപ്പെട്ടതിന്റെ ഭാഗമായി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് കൃത്യമായ വേതനം ലഭിക്കുന്നില്ലെന്ന് മാത്രമല്ല ജാതി തിരിച്ചുള്ള അക്കൗണ്ട് സിസ്റ്റം തൊഴിലാളികൾക്കിടയിൽ അസ്വസ്ഥതയുളവാക്കുകയും ചില വിഭാഗങ്ങൾക്കുമാത്രം വേതനം നൽകുന്നുവെന്ന പരാതി ഉയർന്നുവരികയും ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്കിടയിൽ വേർതിരിവിനും വിവേചനത്തിനും ഇടയാക്കുന്ന ടി പരിഷ്കാരം പിൻവലിക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. വേതന കുടിശ്ശിക അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നുണ്ട്.

(3) ബി.ഇ.എം.എൽ.-ന്റെ സ്വകാര്യവത്കരണം

ശ്രീ. എ. പ്രഭാകരൻ: കഞ്ചിക്കോട് സ്ഥിതിചെയ്യുന്ന ബി.ഇ.എം.എൽ.-ന്റെ സ്വകാര്യവത്കരണം തടയുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കേന്ദ്ര സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി.ഇ.എം.എൽ.)-ന്റെ പാലക്കാട് യൂണിറ്റ് നിലവിൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന് ബി.ഇ.എം.എൽ. തിരികെ നൽകുന്ന ഭൂമി ഏറ്റെടുക്കുന്ന നടപടി കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. ബി.ഇ.എം.എൽ.-ന്റെ ഓഹരികൾ വിറ്റഴിക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്കരിക്കരുതെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചെങ്കിലും കേന്ദ്ര സർക്കാരിൽനിന്ന് മറുപടി ലഭ്യമായിട്ടില്ല.

(4) ചീമേനി വ്യവസായ പാർക്ക്

ശ്രീ. എം. രാജഗോപാലൻ: കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഇൻഫർമേഷൻ ടെക്നോളജി പാർക്കിനായി മാറ്റിവച്ചിരുന്ന സ്ഥലം ഇതുവരെ വ്യവസായ വകുപ്പിന് ലഭിച്ചിട്ടില്ലാത്തതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനായി വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠനം നടത്തി ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(5) റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: മട്ടന്നൂർ-മണ്ണൂർ-ഇരിക്കൂർ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മണ്ണൂർ റോഡിന്റെ പുഴഭാഗം ഇടിഞ്ഞയിടത്ത് ഗ്യാബിയോൺ ഉപയോഗിച്ച് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കിഫ്ബിക്ക് കൈമാറുകയും അതിന്റെയടിസ്ഥാനത്തിൽ റോഡിന്റെ തകർന്ന ഭാഗങ്ങൾ പ്രത്യേക പാക്കേജായി ചെയ്യാനുമാണ്

തീരുമാനിച്ചിട്ടുള്ളത്. പാലക്കാട് ഐ.ഐ.ടി.-യിൽ നിന്നുള്ള ഡീറ്റെയിൽഡ് ഡിസൈൻ ലഭിച്ചാലുടൻ സംരക്ഷണഭിത്തി നിർമ്മിച്ച് റോഡ് സംരക്ഷിക്കാനുള്ള പ്രവൃത്തി നടത്തുന്നതാണ്. പ്രസ്തുത പ്രവൃത്തി നടത്തുന്നതുവരെ വാഹന ഗതാഗതം സുഗമമാക്കുന്നതിന് പുഴ ഇടിഞ്ഞ ഭാഗത്ത് എം.എസ്.എസ്. ടാറിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(6) സീതിഹാജി പാലം പുനർനിർമ്മാണം

ശ്രീ. പി. കെ. ബഷീർ: മലപ്പുറം ജില്ലയിലെ ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണക്കടവ് സീതിഹാജി പാലത്തിന്റെ പി 2 പിയർ പുനർനിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): എടവണ്ണക്കടവ് സീതിഹാജി പാലം പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് കൈമാറുകയും കൂടുതൽ സാങ്കേതിക പഠനത്തിനായി സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭിച്ചാലുടൻ വിശദമായ രൂപരേഖ തയ്യാറാക്കി നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് നിർദ്ദേശം

നൽകിയിട്ടുണ്ട്.

### (7) അഡ്വഞ്ചർ ടൂറിസം ട്രെയിനിംഗ് അക്കാദമി

ശ്രീ. ഐ. ബി. സതീഷ്: കാട്ടാക്കട നിയോജകമണ്ഡലത്തിൽ ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം ട്രെയിനിംഗ് അക്കാദമി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽശാല വില്ലേജിൽ അഡ്വഞ്ചർ ടൂറിസം ട്രെയിനിംഗ് അക്കാദമി ആരംഭിക്കുന്നതിന് ടൂറിസം വകുപ്പിന് അനുമതി ലഭിക്കുകയും അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള അഡ്വഞ്ചർ പ്രൊമോഷൻ ടൂറിസം സൊസൈറ്റി തയ്യാറാക്കിയ ഡി.പി.ആർ ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അക്കാദമിയുടെ സവിശേഷതകൾ, കോഴ്സുകളുടെ വിശദാംശങ്ങൾ, സാമ്പത്തികകാര്യങ്ങൾ എന്നിവ സംബന്ധിച്ച ടൂറിസം ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

### (8) മൂവാറ്റുപുഴയിലെ കുടിവെള്ള ക്ഷാമം

ഡോ. മാത്യു കുഴൽനാടൻ: മൂവാറ്റുപുഴ കോറമലയിലെ വാട്ടർ ടാങ്കിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കി കുടിവെള്ളക്ഷാമം പരിഹരിക്കുകയും ഐ.ബി.

കെട്ടിടം ഉപയോഗയോഗ്യമാക്കുകയും വേണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ജലജീവൻ മിഷനിലുൾപ്പെടുത്തി മൂവാറ്റുപുഴ ജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തി നടപ്പിലാക്കുന്നതോടെ പ്രദേശത്തെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകുന്നതാണ്. സുരക്ഷിതത്വം പരിശോധിച്ച് കോറമലയിലെ വാട്ടർ ടാങ്ക് ബലപ്പെടുത്തുകയും അല്ലാത്ത പക്ഷം സൗകര്യപ്രദമായ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുകയും ചെയ്യുന്നതാണ്. 2022-23-ലെ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി ഐ.ബി. കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള നടപടി വാട്ടർ അതോറിറ്റി സ്വീകരിച്ചുവരികയാണ്.

## (9) റേഷൻ മണ്ണെണ്ണയുടെ വില വർദ്ധന

ശ്രീ. പി. എസ്. സുപാൽ: റേഷൻ മണ്ണെണ്ണ വിലവർദ്ധനയ്ക്കെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും വിലവർദ്ധന പിൻവലിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും വേണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): റേഷൻ കാർഡുകളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് കേന്ദ്രത്തിൽ നിന്നും

ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിക്കാത്തതിനാൽ മൂന്ന് മാസത്തിലൊരിക്കലാണ് മുൻഗണനാ കാർഡുകൾക്ക് ഒരു ലിറ്റർ വീതവും മുൻഗണനേതര വിഭാഗങ്ങൾക്ക് അര ലിറ്റർ വീതവും മണ്ണെണ്ണ അനുവദിക്കുന്നത്. കൂടുതൽ മണ്ണെണ്ണ വിഹിതം ആവശ്യപ്പെട്ട് രണ്ടുതവണ കേന്ദ്ര സർക്കാരിന് കത്തയച്ചതിന് പുറമെ മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ നോൺ-സബ്സിഡി ഇനത്തിൽ 12000 കിലോ ലിറ്റർ മണ്ണെണ്ണ അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കത്തയച്ചിട്ടുണ്ട്. ഡിസംബർ മാസം വരെ വിതരണം ചെയ്യാനുള്ള സ്റ്റോക്കുള്ള സാഹചര്യത്തിൽ പഴയ വിലയ്ക്കുതന്നെ മണ്ണെണ്ണ വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

### (10) നടുവിൽ പോളിടെക്നിക്കിന്റെ പ്രവർത്തനം

ശ്രീ. സജീവ് ജോസഫ്: എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭ്യമാക്കി നടുവിൽ ഗവൺമെന്റ് പോളിടെക്നിക്കിന്റെ പ്രവർത്തനം ആരംഭിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): അടുത്ത അധ്യയന വർഷംതന്നെ നടുവിൽ

ഗവൺമെന്റ് പോളിടെക്നിക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## IV. റിപ്പോർട്ട് സമർപ്പണം

ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## V. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(v) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിച്ചിട്ടുണ്ടോയെന്നത് പരിശോധിക്കപ്പെടണം. ഒന്ന് മുതൽ പന്ത്രണ്ട് വരെ ഒരു യൂണിറ്റായി പരിഗണിക്കുന്നതിനാൽ എയ്ഡഡ് സ്കൂളിലെ പ്ലസ്ടു അദ്ധ്യാപകരുടെയും പ്രിൻസിപ്പൽമാരുടെയും ശമ്പളം നൽകേണ്ട ചുമതല പ്രിൻസിപ്പാളിൽ നിക്ഷിപ്തമാക്കുന്നതിനും ജില്ലാ വിദ്യാഭ്യാസ അതോറിറ്റിയിൽ സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരിൽ നിന്നും ഒരാളെ വീതം ഉൾപ്പെടുത്തുന്നതിനുമുള്ള നിയമഭേദഗതി കൊണ്ടുവരണം. എച്ച്.എസ്.എസ്. അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നൂലാമാലകൾ ലഘൂകരിക്കുന്നതിനും പി.എസ്.സി. ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടാതെ സംരക്ഷിതാദ്ധ്യാപകരെ വിവിധ ജില്ലകളിൽ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. എൽ.പി. സ്കൂളുകളിലെ പ്രധാന

അദ്ധ്യാപകരുടെയും കോളേജുകളിലെ പ്രിൻസിപ്പാൾമാരുടെയും ഒഴിവുകൾ നികത്തണം. സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിലെ അപാകതകൾ പരിഹരിക്കണം. സ്കൂളുകളിൽ പുതിയ ഡിവിഷനുകളോ തസ്തികകളോ സൃഷ്ടിക്കുന്നതിന് ധനവകുപ്പിന്റെ അനുമതി വാങ്ങണമെന്ന നിർദ്ദേശം പുന:പരിശോധിക്കണം. സ്റ്റാഫ് ഫിക്സേഷൻ നടപ്പാക്കുന്നതോടൊപ്പം പാർട്ട് ടൈം അദ്ധ്യാപകർക്ക് പി.എഫ് ഏർപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. ഏരിയ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് സ്കൂളുകൾക്ക് നൽകിയിരുന്ന എയ്ഡഡ് പദവി റദ്ദാക്കിയ ഉത്തരവ് പിൻവലിക്കാനും അദ്ധ്യാപക തസ്തിക നിർണ്ണയ അനുപാതം മറ്റു സ്കൂളുകളിലേതുപോലെ ഏകീകരിക്കാനും തയ്യാറാകണം. മലപ്പുറം ജില്ലയിലെ പ്രൈമറി അദ്ധ്യാപക റാങ്ക് ലിസ്റ്റിൽ മതിയായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. രാഷ്ട്രപതിയുടെ അനുമതിയോടെ പാസ്സാക്കിയ നിയമത്തിൽ രാഷ്ട്രപതിയുടെ അനുമതി കൂടാതെ ഭേദഗതി വരുത്താൻ സാധിക്കുമോയെന്നത് പരിശോധനാ വിധേയമാക്കേണ്ടതുണ്ട്. ജില്ലാ എഡ്യൂക്കേഷണൽ അതോറിറ്റിയിൽ പ്രിൻസിപ്പാളിനെ ഉൾപ്പെടുത്താത്ത നടപടി പരിശോധിക്കണം. ഈ

ബില്ലിൽ അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള നിർദ്ദേശമില്ലെന്നു മാത്രമല്ല 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾക്കെതിരുമാണ്. ഹയർ സെക്കണ്ടറി മേഖലയിൽ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും പ്രൊട്ടക്ടഡ് അദ്ധ്യാപകരില്ലാത്തയിടങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും എ.ഐ.പി. സ്കൂളിനോടുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. അൻവർ സാദത്ത്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കർഷകത്തൊഴിലാളികളുടെ അംശദായം ഉയർത്തുകയും സർക്കാർ ഗ്രാന്റ് നാലിലൊന്നായി കുറയ്ക്കുകയും ചെയ്യുന്ന തൊഴിലാളിവിരുദ്ധ സമീപനമാണ് ഈ ബില്ലിലൂടെ സ്വീകരിച്ചിട്ടുള്ളത്. ക്ഷേമനിധിയിൽ നിന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണപരമായ ചെലവുകൾക്ക് വിനിയോഗിക്കുന്നത് പരിമിതപ്പെടുത്തണം. തൊഴിലാളികൾക്കുള്ള ധനസഹായങ്ങൾ മുൻകാല പ്രാബല്യത്തോടെ അനുവദിക്കുന്നതിനും അവ കുടിശ്ശിക ഒഴിവാക്കി നൽകുന്നതിനും നടപടി സ്വീകരിക്കണം.

കശുവണ്ടി തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിച്ചതിനാനുപാതികമായ വർദ്ധനവ് തൊഴിലാളികളുടെ ആനുകൂല്യങ്ങളിലുമുണ്ടാകണം. കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള

നടപടികൾ ബില്ലിൽ പരാമർശിക്കാത്തത് ഖേദകരമാണ്.

തയ്യൽ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിച്ചതിനാനുപാതികമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടില്ല. ഒരു ജില്ലയിൽ നിലവിൽ രണ്ട് ആശുപത്രികളിൽ മാത്രം ലഭിച്ചുകൊണ്ടിരിക്കുന്ന തയ്യൽ തൊഴിലാളികളുടെ ചികിത്സാനുകൂല്യം മറ്റ് ആശുപത്രികളിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. തയ്യൽ തൊഴിലാളികൾക്ക് ആധുനിക പരിശീലന പദ്ധതികളും മെഷീൻ സൗകര്യങ്ങളും സ്വായത്തമാക്കുന്നതിന് സാമ്പത്തികസഹായം നൽകണം.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ക്ഷേമനിധി ബോർഡുകളിലെ അംശദായം ഉയർത്തുന്നതിനാനുപാതികമായി ഗ്രാന്റ് നൽകി ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും ഭരണച്ചെലവ് പരിമിതപ്പെടുത്താനും നടപടി സ്വീകരിക്കണം. കർഷകത്തൊഴിലാളികളുടെ വിരമിക്കൽ ആനുകൂല്യം പരമാവധി ഒന്നരലക്ഷം രൂപയാക്കാനും വിവാഹ-മരണാനന്തര ധനസഹായങ്ങൾ 10000 രൂപയായി വർദ്ധിപ്പിക്കാനും ആരോഗ്യ ഇൻഷ്വറൻസും ബി.പി.എൽ. കാർഡും കുറഞ്ഞ പലിശയ്ക്ക് ഭവനവായ്പയും ലഭ്യമാക്കാനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാനും നടപടി സ്വീകരിക്കണം. കോവിഡ്

പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ച ധനസഹായം തൊഴിലാളികൾക്ക് ലഭ്യമാക്കണം. കാസർഗോഡ്-മലപ്പുറം ജില്ലകളിലെ തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസുകളിൽ എക്സിക്യൂട്ടീവ് ഓഫീസർമാരെ നിയമിക്കാനും മഞ്ചേശ്വരം മണ്ഡലത്തിലെ വോർക്കാടി പഞ്ചായത്തിലെ കൃഷി വിജ്ഞാൻ കേന്ദ്രത്തെ ഹൈടെക്ക് ട്രെയിനിംഗ് സെന്ററാക്കി ഉയർത്താനും നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പൊതുവിദ്യാഭ്യാസ രംഗത്ത് ഘടനാപരമായ മാറ്റങ്ങളിലൂടെ അക്കാദമിക് നിലവാരം ഉയർത്താനാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. പ്രവർത്തന ഏകോപനത്തിലൂടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയാൽ മാത്രമേ അക്കാദമിക് നിലവാരം സാധ്യമാകുകയുള്ളൂ. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിലപാടുണ്ടാകണം. പൊതുസമൂഹത്തിന് മുന്നിൽ അദ്ധ്യാപകർ മാതൃകയായിരിക്കണം. കണ്ടിന്യൂവസ് ഇവാല്യുവേഷൻ പ്രോസസിന്റെ കാര്യത്തിൽ സമഗ്രമായ മാറ്റംവരുത്തണം. ചെറിയ

ക്ലാസ്സുകളിൽ മലയാള അക്ഷരങ്ങൾ പഠിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടാകണം.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. മമ്മിക്കുട്ടി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കോവിഡ് മഹാമാരി കാലത്ത് ഡിജിറ്റൽ വിദ്യാഭ്യാസമൊരുക്കുന്നതിനും വീണ്ടും ക്ലാസ്സ് മുറികൾ സജീവമാക്കി വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് കോളേജും മോഡൽ റെസിഡൻഷ്യൽ സ്കൂളും ആരംഭിക്കുന്നതിനും വാണിയംകുളം ഐ.ടി.ഐ.-യിൽ കൂടുതൽ ട്രേഡുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷേമനിധിയിലേയ്ക്കുള്ള തൊഴിലാളികളുടെ അംശദായം ഇരട്ടിയാക്കുകയും സർക്കാർ വിഹിതം പകുതിയായി കുറയ്ക്കുകയും ചെയ്തുകൊണ്ടുള്ള ഭേദഗതി വഞ്ചനാപരമാണ്. ലൈസൻസുള്ള കശുവണ്ടി ഫാക്ടറികളിൽ മഹാഭൂരിപക്ഷവും അടഞ്ഞുകിടക്കുന്നതിനാൽ കശുവണ്ടിത്തൊഴിലാളികളിൽ 90 ശതമാനവും തൊഴിൽരഹിതരായി തുടരുകയാണ്. പ്രതിസന്ധിയിലായ ഫാക്ടറി ഉടമകളെ സഹായിക്കുന്നതിനായി ഒരു പുനരധിവാസ പാക്കേജുണ്ടാക്കുന്നതിനും ബാങ്ക് ജപ്തി ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. കശുവണ്ടി മേഖലയുടെ ഉന്നമനത്തിനായി കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും നിലവിലുള്ളപ്പോൾ മൂന്നാമതൊരു ബോർഡ് രൂപീകരിക്കുന്നത് അനാവശ്യ ചെലവിന് ഇടവരുത്തും. ജലമാർഗ്ഗം തോട്ടണ്ടി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കുകയും കാപ്പെക്സിലെ തോട്ടണ്ടി സംഭരണവുമായി ബന്ധപ്പെട്ട അഴിമതി അന്വേഷിക്കുകയും ചെയ്യണം. സർക്കാരിന്റെ ഭരണപരമായ ചെലവുകൾ കുറയ്ക്കുന്നതിനായി വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് തൊഴിൽ

വകുപ്പിനുകീഴിൽ കൊണ്ടുവരണം. ക്ഷേമനിധി ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജീവനക്കാരെ നിയമിക്കുന്നതിനും ബോർഡിന്റെ അക്കൗണ്ടുകൾ ട്രഷറിയിലോ കേരള ബാങ്കിലോ മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർക്കാരിന്റെ അംശദായം നിലനിർത്തിക്കൊണ്ട് തൊഴിലാളി/തൊഴിലുടമ വിഹിതം ഒരു ദിവസത്തേയ്ക്ക് ഒരു രൂപ വർദ്ധിപ്പിക്കുന്ന ഭേദഗതിയാണിത്. ഭേദഗതി നിയമങ്ങൾ പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം. തൊഴിലാളികൾക്ക് നിലവിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതോടൊപ്പം ഭരണപരമായ ചെലവുകളിൽ നിയന്ത്രണം കൊണ്ടുവരികയും അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കുകയും വേണം. കശുവണ്ടി വികസന കോർപ്പറേഷൻ/കാപ്പെക്സ് ഫാക്ടറികൾ ഉൾപ്പെടെയുള്ള സ്വകാര്യ മേഖലകളിൽ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാനും തൊഴിലാളികളെ സംരക്ഷിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനും ശമ്പളം, ഓണറേറിയം എന്നിവ നൽകുന്നതിനുമായി സർക്കാർ ഗ്രാന്റ് നൽകാത്തതും വിദ്യാഭ്യാസാനുകൂല്യങ്ങൾ, അതിവർഷാനുകൂല്യം എന്നിവ വർദ്ധിപ്പിക്കാത്തതും യഥാസമയം ആനുകൂല്യങ്ങൾ വിതരണം ചെയ്യാത്തതും പ്രതിഷേധാർഹമാണ്. അംശദായത്തിന് ആനുപാതികമായി അതിവർഷാനുകൂല്യവും മരണാനന്തര-വിവാഹ-ചികിത്സാ സഹായവും വർദ്ധിപ്പിക്കണം. ബിൽ നിയമമായാൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും അധികച്ചെലവ് ഉണ്ടാകില്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വസ്തുതാവിരുദ്ധമാണ്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഭേദഗതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലിലൂടെ കർഷക തൊഴിലാളികൾക്കും കാർഷിക മേഖലയ്ക്കും ഊർജ്ജവും കരുത്തും പകരാൻ സാധിക്കും. റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് സംസ്ഥാനം സിയാൽ മോഡൽ കമ്പനി പ്രഖ്യാപിച്ചതും റബർ വിലസ്ഥിരതാ ഫണ്ട് 170 രൂപയായി വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. കർഷകർക്ക് മികച്ച പെൻഷൻ, വിള ഇൻഷ്വറൻസ്, താങ്ങുവില, ആരോഗ്യ ഇൻഷ്വറൻസ് എന്നിവ ഉറപ്പാക്കുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാർ നടപടി മാതൃകാപരവും അഭിനന്ദനാർഹവുമാണ്. വാല്യൂ ആഡഡ് പ്രോഡക്ട് ഉണ്ടാകുകയെന്നതാണ് കാർഷിക രംഗത്തെ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം. കാർഷിക ഉത്പന്നങ്ങൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ച് ഉൽപ്പന്നങ്ങളുണ്ടാക്കുന്ന കമ്പനികൾ ലാഭത്തിന്റെ ഒരു ശതമാനം കർഷകർക്ക് നീക്കിവയ്ക്കണമെന്ന വ്യവസ്ഥ സ്വാഗതാർഹമാണ്. കാർഷിക മേഖലയിലുണ്ടാകുന്ന വന്യമൃഗശല്യം ഒഴിവാക്കുന്നതിനും കർഷകർക്ക് കൊടുക്കുന്ന നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. വാഴൂർ സോമൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-

ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ ഭരണപരമായ ചെലവുകൾ കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയസമീപനങ്ങൾക്കിടയിലും വിവിധ പദ്ധതികളിലൂടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാന ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. എറണാകുളം, കോവളം, കല്പറ്റ എന്നിവിടങ്ങളിൽ തൊഴിലാളികൾക്കുള്ള അവധിക്കാല വസതി ആരംഭിക്കുന്ന കാര്യം പരിഗണിക്കണം.

ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. വിൻസെന്റ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അംശദായ വർദ്ധനയ്ക്കനുസൃതമായി ക്ഷേമനിധി ബോർഡുകളിലെ ആനുകൂല്യങ്ങളും പദ്ധതികളും കാലോചിതമായി പരിഷ്കരിക്കണം. ക്ഷേമനിധി ബോർഡിലെ കുറഞ്ഞ പെൻഷൻ 5000 രൂപയാക്കുന്നതിനും കുടിശ്ശികയായ തൊഴിലുടമ വിഹിതം പിരിച്ചെടുക്കുന്നതിനും എല്ലാ

തൊഴിലാളികൾക്കും ഇ.എസ്.ഐ. ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. തൊഴിലാളി-തൊഴിലുടമ വിഹിതത്തിന് തുല്യമായ തുക ഓരോ മാസവും ക്ഷേമനിധിയിലേയ്ക്ക് കൈമാറാൻ സർക്കാർ തയ്യാറാകണം. തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഗ്രേസ് മാർക്ക് ഏർപ്പെടുത്തുകയും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുകയും വേണം. അടഞ്ഞുകിടക്കുന്ന വിജയമോഹിനി മില്ലും ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറിയും തുറന്നുപ്രവർത്തിപ്പിക്കുകയും തൊഴിലാളികൾക്ക് പുതുക്കിയ വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുകയും വേണം. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിലെ തൊഴിലാളികളുടെ മുടങ്ങിയ ശമ്പളവും പെൻഷനടക്കമുള്ള ആനുകൂല്യങ്ങളും അനുവദിക്കണം.

<u>ശ്രീ. സജീവ് ജോസഫ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളി ക്ഷേമം മുൻനിർത്തിയുള്ള മാറ്റങ്ങൾ ബില്ലിൽ കൊണ്ടുവരാൻ സർക്കാരിന് സാധിച്ചിട്ടില്ല. തയ്യൽതൊഴിലാളികൾക്ക് ധനസഹായ പാക്കേജ്

പ്രഖ്യാപിക്കുന്നതിനും അംശദായം വർദ്ധിപ്പിക്കുന്നതിനാനുപാതികമായി സർക്കാർ വിഹിതം വർദ്ധിപ്പിക്കുന്നതിനും പ്രസവാനുകൂല്യം ഒറ്റത്തവണയായി നൽകുന്നതിനും വിവാഹ ധനസഹായം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസിന് സ്വന്തമായി കെട്ടിടം അനുവദിക്കുകയും ഓഫീസുകളിലെ കമ്പ്യൂട്ടർവത്കരണം കുറ്റമറ്റതാക്കുകയും വേണം. തയ്യൽ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം രണ്ടര ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. വിധവാ പെൻഷൻ ലഭിക്കുന്നുവെന്ന കാരണത്താൽ തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്ന നടപടി പ്രതിഷേധാർഹമാണ്.

ശ്രീ. എം. നൗഷാദ് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീമതി ദെലീമ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഭേദഗതി ഉപകരിക്കും. വിധവാ പെൻഷന് അർഹരായവർക്ക് തയ്യൽ തൊഴിലാളി

ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നത് പുന:പരിശോധിക്കണം. അംശദായം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് വിവാഹ ധനസഹായം വർദ്ധിപ്പിക്കുന്നതിനും ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് സ്കീമിൽ അംഗങ്ങളായ തൊഴിലാളികൾക്കായുള്ള സർക്കാർ വിഹിതം 22 ശതമാനമായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം. ക്ഷേമനിധി ബോർഡിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ഉറപ്പാക്കണം. കോവിഡ് കാലയളവിൽ വിവിധ ക്ഷേമനിധി ബോർഡുകളിലൂടെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞതും വാതിൽപ്പടി സേവന പദ്ധതിക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞതും അഭിനന്ദനാർഹമാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 5000 കോടി രൂപ കിഫ്ബി ഫണ്ടിൽ ചെലവഴിച്ചിട്ടുണ്ട്. ഡിജിറ്റൽ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കുന്നതിനും ഓൺലൈൻ വിദ്യാഭ്യാസം ആവിഷ്കരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സർക്കാർ, എയ്ഡഡ് മേഖലയിൽ 4000 അദ്ധ്യാപകരെയും 1800 പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരെയും നിയമിക്കുന്നതിന് ഉത്തരവ് നൽകി. സ്കൂളുകളിൽ അദ്ധ്യാപകരുടെ കുറവുണ്ടാകുന്നപക്ഷം നിയമാനുസൃതം യോഗ്യതയുള്ളവരെ

ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിലെ കുറവുമൂലം ബാച്ചുകൾ നഷ്ടപ്പെടുകയും അദ്ധ്യാപകർ പുറത്തുപോകുകയും ചെയ്യുന്ന സ്ഥിതിവിശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. പൊതുവിദ്യാലയങ്ങളിൽ ലൈബ്രറി സൗകര്യമൊരുക്കുന്നതിന് 14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്താത്തതുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതാണ്. പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കരിക്കുലം കമ്മിറ്റി പുന: സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതാണ്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് അംശദായം ഉയർത്തിയിട്ടുള്ളത്. ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്ന കാര്യവും വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ബോർഡ് ചെയർമാന്മാരുമായി ചർച്ച നടത്തുന്ന കാര്യവും പരിഗണനയിലാണ്. കശുവണ്ടി മേഖലയിലെ ഭൂരിഭാഗം ഫാക്ടറികളും അടഞ്ഞുകിടക്കുന്നതിനാൽ അംഗങ്ങൾക്ക് ലഭിക്കേണ്ട പെൻഷനും ക്ഷേമാനുകൂല്യങ്ങളും സർക്കാർ ധനസഹായത്തോടെയാണ്

നൽകുന്നത്. ഓണക്കാലത്ത് പൂട്ടിക്കിടന്ന കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്കും കോവിഡ് പ്രതിസന്ധിമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന തൊഴിലാളികൾക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അംശദായ വർദ്ധനവിനനുസൃതമായി സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ബോർഡിന് അംശദായമായി ലഭിക്കുന്ന തുകയുടെ 25 ശതമാനം മാച്ചിംഗ് ഗ്രാന്റായി നിശ്ചയിച്ചിട്ടുണ്ട്. അതിവർഷാനുകൂല്യം നൽകുന്നതിനുള്ള തുക സർക്കാർ ഗ്രാന്റായി നൽകുന്നുണ്ട്. ബോർഡിലെ ഭരണച്ചെലവ് മൊത്തം വരുമാനത്തിന്റെ 5 ശതമാനമായി നിജപ്പെടുത്തുകയും ഭൂവുടമാവിഹിതം റവന്യൂ വകുപ്പ് പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യം നൽകാനും ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാനും തൊഴിലാളി-തൊഴിലുടമ അംശദായം അർദ്ധവർഷത്തേയ്ക്ക് 45 രൂപ വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് അംശദായവർദ്ധനവിനാനുപാതികമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബില്ലും 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലും 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i)<u>2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

169, 170, 171, 173, 178, 182 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

173. In section 9(1) proposed to be substituted in the principal Act by Clause 3, after the words " Headmistress or" the words " Principal or" shall be inserted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

183, 184, 185, 186, 191, 192, 193, 194, 195, 197, 204, 205, 207, 208, 216 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

191. In section 17(2)(g) proposed to be substituted in the principal Act by Clause 4(a), the word and symbol " Vice-" shall be deleted.

204. In section 17 (2)(h) proposed to be substituted in the principal Act by Clause 4(b), the word and symbol " Vice-"

shall be deleted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല )

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

230-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

235, 236, 237 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 115, 117, 119, 125, 126, 132, 133, 134, 136, 137, 138, 140, 141, 147, 148 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ശബ്ദ വോട്ടോടെ പാസ്സാക്കി.

## (ii) 2021- ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

157, 158, 160, 169, 170, 177, 178, 185, 186, 199, 202, 204, 208, 212, 213, 216, 217, 218 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### മൂന്നാം വകുപ്പ്

219, 224, 225, 226 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 110, 116, 117, 125, 126, 127, 128, 135, 136, 137, 138, 139, 140, 141, 142, 144, 145, 151, 156 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(iii) 2021- ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

151, 154, 155, 156, 161, 162, 163, 164, 169, 170, 171, 172, 174, 178, 179, 180, 183, 188, 203, 207, 213, 214, 215, 222, 236, 240, 241, 242, 243 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

245, 246, 251, 256 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 115, 116, 122, 124, 125, 131, 132, 133, 137, 146 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(iv) 2021- ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

155, 156, 159, 161, 167, 176, 177, 178, 179, 185, 186, 191, 196, 199, 201, 205, 208, 218, 221 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

222, 227, 229, 233 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 116, 117, 119, 121, 127, 128, 133, 134, 135, 136, 138, 139, 140, 141, 142, 147 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(v) 2021- ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

161, 162, 163, 164, 172, 174, 180, 181, 182, 183, 187, 195, 196, 197, 199, 200, 201, 203, 204, 206, 212, 213, 218, 219, 220, 222, 223, 224, 229, 230, 231, 232, 233, 234, 235, 236, 242, 243, 247, 251 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

252, 253, 258, 259, 260, 265, 269, 272, 277 എന്നീ നമ്പർ

ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 111, 116, 118, 119, 130, 131, 136, 137, 139, 141, 143, 151, 153, 157, 158, 159 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

## VI. അറിയിപ്പ്

മി. സ്പീക്കർ: സഭാ സമ്മേളനത്തിനുശേഷം 'ആസാദി കാ അമൃത് മഹോത്സവ് '- ന്റെ ഭാഗമായി ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ 'ആധുനിക കേരള നിർമ്മിതിയും ഇന്ത്യൻ ദേശീയ പ്രസ്ഥാനവും' എന്ന വിഷയത്തിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കളുടെ പ്രഭാഷണ പരിപാടിയും ഔദ്യോഗിക ഭാഷാ സമിതിയുമായി ബന്ധപ്പെട്ട പുരസ്കാര ദാനവും പി.കെ. കാളൻ സ്മാരക ഗോത്രകലാ പഠന ഗവേഷണ കേന്ദ്രത്തിന്റെ 'ഗദ്ദിക' എന്ന സാംസ്കാരിക പരിപാടിയും ഉണ്ടായിരിക്കുന്നതാണ്. പരിപാടിയിൽ എല്ലാ സാമാജികരും മന്ത്രിമാരും പങ്കെടുക്കേണ്ടതാണ്.

(സഭ വൈകുന്നേരം 5.02-ന് പിരിഞ്ഞു.)

***